# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3824 — 24.06.2014-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. കെ.എം. മാണി<br>ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |

### സംസ്ഥാനത്തു നിന്നും ഇന്ധന-റോഡ്-വാഹന നികുതി ഇനങ്ങളിൽ കേന്ദ്ര സർക്കാർ പിരിച്ചെടുത്ത തുക

| ക്രമ നം | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തു നിന്നും 2013-14 സാമ്പത്തിക വർഷം ഇന്ധന-റോഡ്-വാഹന നികുതി ഇനങ്ങളിൽ കേന്ദ്ര സർക്കാർ പിരിച്ചെടുത്ത തുക എത്ര; ഇതിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി തുക എത്ര; | സംസ്ഥാനത്തു നിന്നും കേന്ദ്ര സർക്കാർ ഇന്ധന-റോഡ്-വാഹന നികുതി ഇനങ്ങളിൽ പിരിച്ചെടുത്ത തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാറുകൾക്ക് നൽകുന്ന കേന്ദ്ര നികുതി വിഹിതത്തിൽ ഈയിനങ്ങളുടെ വിഹിതം എത്രയെന്ന് വേർതിരിക്കാനാവില്ല. |
| (ബി) | പ്രസ്തുത നികുതിയിനങ്ങളിൽ എന്തു തുക 2013-14 വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് നൽകി; വ്യക്തമാക്കുമോ; | |
| (സി) | 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ ഇവയിൽ എത്ര തുകയുടെ ഇളവ് നൽകി; ഇതിലൂടെ എത്ര തുകയുടെ വരുമാനകുറവ് ഉണ്ടായി; വ്യക്തമാക്കുമോ; | 2013-14 സാമ്പത്തിക വർഷം ഇന്ധന റോഡ് വാഹന നികുതി ഇനത്തിൽ സംസ്ഥാന സർക്കാർ നികുതി ഇളവ് നല്കിയിട്ടില്ല. ആയതിനാൽ വരുമാനക്കുറവ് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

<table>
<tr><td>(ഡി)</td><td>പിരിച്ചെടുത്ത നികുതി തുകയിൽ എന്തു തുക സംസ്ഥാന സർക്കാർ റോഡ് വികസനത്തിനായും റോഡ് നിവാരണ പ്രവൃത്തികൾക്കുമായും ചെലവാക്കി; കേന്ദ്ര സർക്കാർ ഇതിലേയ്ക്കായി എന്തു തുക ചെലവഴിച്ചു. വ്യക്തമാക്കുമോ;</td><td>2013-14-ൽ സംസ്ഥാന പാതകളുടെ വികസനത്തിനായി സി.ആർ.എഫ് വിഹിതമായി 70.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2013-14-ൽ സംസ്ഥാന ദേശീയ പാതകളുടെ വികസനത്തിനായി 145.17 കോടി രൂപ ഒറിജിനൽ വർക്കിനും 39.22 കോടി രൂപ അറ്റകുറ്റപ്പണികൾക്കുമായി സംസ്ഥാന ബഡ്ജറ്റിലൂടെയല്ലാതെ കേന്ദ്രം ചെലവഴിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഇ)</td><td>കേന്ദ്ര സർക്കാർ ഈയിനത്തിൽ പിരിച്ചെടുക്കുന്ന തുക സംസ്ഥാനത്ത് ഏതെല്ലാം പ്രവൃത്തികൾക്കാണ് വിനിയോഗിക്കേണ്ടത്; ആയത് നടപ്പിൽ വരുത്തിയോയെന്ന് പരിശോധിച്ചുവോ; വിശദാംശം വ്യക്തമാക്കുമോ;</td><td>സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 അനുസരിച്ച് ഭരണഘടനയുടെ ഒന്നാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന സംസ്ഥാനങ്ങൾക്കും യൂണിയൻ ഭരണ പ്രദേശങ്ങൾക്കും താഴെ വിവരിക്കുന്ന പ്രകാരം വിഹിതം വക്കേണ്ടതുണ്ട്
<table>
<tr><td>1</td><td>ഡീസലിന്റെ സെസിന്റെ 50% ഗ്രാമീണ റോഡുകളുടെ വികസനത്തിന്</td></tr>
<tr><td>2</td><td>ബാക്കിയുള്ള 50% സെസും പെട്രോളിന്റെ സെസും കൂടി ചേർന്ന തുകയുടെ വിതരണം താഴെ വിവരിക്കുന്ന പ്രകാരമായിരിക്കും</td></tr>
<tr><td>(എ)</td><td>ദേശീയ പാതകളുടെ വികസനത്തിന് 57½%</td></tr>
<tr><td>(ബി)</td><td>റെയിൽവേയുടെ മുകളിലൂടെയോ കീഴിലൂടെയോ നിർമ്മിക്കുന്ന റോഡുകൾക്ക് 12½%</td></tr>
<tr><td>(സി)</td><td>ബാക്കിയുള്ള 30% ദേശീയപാതകളൊഴികെയുള്ള റോഡുകൾക്ക്, ഇതിൽ 10% കേന്ദ്ര സർക്കാർ റിസർവ്വ് ഫണ്ടായി സൂക്ഷിക്കുന്നതാണ്. അന്തർ സംസ്ഥാന റോഡ് പദ്ധതികൾക്ക്</td></tr>
</table>
</td></tr>
</table>

| | | |
|---|---|---|
| | | കേന്ദ്ര സർക്കാർ അനുമതി പ്രകാരം വിനിയോഗിക്കുന്നതിനായാണ് റിസർവ്വ് ഫണ്ട്.<br><br>കേന്ദ്രസർക്കാർ പിരിച്ചെടുത്ത തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടി നിബന്ധനകൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്ന് അറിയുവാൻ സാധിക്കുന്നില്ല. |
| (എഫ്) | ഈയിനങ്ങളിൽ സംസ്ഥാനത്തിന് ലഭിക്കുന്ന തുക മുഴുവൻ സംസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവർത്തന ങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യം പരിഗണിയ്ക്കുമോ; വിശദമാക്കുമോ? | സെൻട്രൽ റോഡ് ഫണ്ട് ആക്ട്-2000 അനുസരിച്ചാണ് ഈയിനങ്ങളിൽ ലഭിക്കുന്ന തുക സംസ്ഥാനത്തെ റോഡു നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത്. ഈ ഫണ്ടിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന തുക മുഴുവൻ സംസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിക്കപ്പെടുന്നുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ